മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഹോസ്പിറലിനു മൊത്തം ആവശ്യമായിട്ടുള്ള സ്ട്രങ്ത്തിനെക്കാൾ കൂടുതൽ ഡോക്ടർമാർ ഇന്നുണ്ട്. അതുകൊണ്ട് അവരെ ഡിപ്ലോയ് ചെയ്യണമെന്നുള്ള നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ അതിനു വേണ്ടി ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ ഉടനെ ഡിപ്ലോയ്മെന്റ് നടക്കും. തസ്തികയെ സംബന്ധിച്ച് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ തസ്തിക അവിടെ സൃഷ്ടിക്കുന്നതാണ്.

(5) പാലക്കാട് ജില്ലയിലെ ചുള്ളിയാർ ഡാമിൽനിന്ന് വെള്ളം തുറന്നു വിടണമെന്ന ആവശ്യം

ശ്രീ. സി. വാസുദേവമേനോൻ: സർ, വളരെ നിസ്സാരമായ സംഭവം പോലും ഇവിടെ ഉന്നയിക്കേണ്ടിവരുന്നത് വളരെ ദയനീയമായ അവസ്ഥയാണ് പാലക്കാട് ജില്ലയിലെ ഗായത്രി പ്രോജക്ടിന്റെ രണ്ടാമത്തെ സ്റ്റേജാണ് ചുള്ളിയാർ ഡാം. പാലക്കാട് ജില്ലയിലെ മറ്റ് എല്ലാ ഡാമുകളും കൃഷിയാവശ്യത്തിനായി തുറന്നുവിട്ടുകഴിഞ്ഞിട്ടുണ്ട്. ചുള്ളിയാർ ഡാം തുറക്കാത്തതുകൊണ്ട് മൂന്നു പഞ്ചായത്തിലെ നെൽക്കൃഷി മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ വിചാരിച്ചാൽ ചെയ്യാവുന്ന കാര്യമാണോ ഇത്? അഡൈ്വസറി കമ്മിറ്റി കൂടി, ഈ സമയംകൊണ്ട് ഈ ഡാം തീരേണ്ടേ. നിവേദകസംഘത്തോട് എക്സിക്യൂട്ടീവ് എഞ്ചിനീയറും കളക്ടറും പറഞ്ഞത് മെയിൻ കനാലിലുള്ള സിൽറ്റ് റിമൂവ് ചെയ്യാനുള്ള ഫണ്ട് ഇല്ലെന്നാണ്. ആനയെ വാങ്ങാം. തോട്ടിവാങ്ങാൻ പൈസ ഇല്ലെന്നു പറഞ്ഞതുപോലെയാണ്, ഡാമിൽ ഇപ്പോഴും വെള്ളമുണ്ട്. കൃഷിക്കാർക്ക് വെള്ളം ആവശ്യമാണ്. കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. സിൽറ്റ് റിമൂവ് ചെയ്യാനുള്ള ഫണ്ടില്ലെന്നാണ് നിവേദക സംഘത്തോട് പറഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കണം. അവിടെ വെള്ളമുണ്ടായിട്ടും കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. വെള്ളമില്ലാതെ കൃഷി നശിച്ചുപോകാതിരിക്കുവാൻ അടിയന്തിര നടപടികളും സ്വീകരിക്കണം.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, 3-9-1985-ന് ചുള്ളിയാർ ഡാം തുറന്ന് വെള്ളം കൊടുത്തുകഴിഞ്ഞു. ഇപ്പോഴും പയ്യന്നൂർ ഏരിയായിൽ വെള്ളം ആവശ്യമില്ലെന്ന് രേഖാമൂലം അവർ തന്നെ അഭ്യർത്ഥിച്ചതുകൊണ്ടാണ് അത് പൂട്ടിയത്. കൃഷിക്ക് വെള്ളം വിട്ടുതരണമെന്ന് അവർ വീണ്ടും പറഞ്ഞ പ്രകാരം 20-9-1985-ൽ കനാൽ തുറന്നു. മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ ജലസേചനം ആരംഭിച്ചിട്ടുണ്ട്. ഇലവഞ്ചേരി പഞ്ചായത്തിൽ രണ്ടുദിവസത്തിനകം വെള്ളം എത്തിക്കുന്നതായിരിക്കും, സിൽറ്റ് നീക്കം ചെയ്തില്ല എന്നു പറഞ്ഞത് ശരിയല്ല. 8-10-1985 വച്ച് ടെണ്ടർ വിളിച്ചിട്ടുണ്ട്. ചുള്ളിയാർ, മീൻകര എന്നീ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള 4.85 ലക്ഷം രൂപയിൽ രണ്ടുലക്ഷത്തിൽ ചിലവാനം രൂപ ഇതുവരെ ചെലവഴിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിന് വേണ്ട നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly